(ബി, സി) കെ. എസ്. ഐ. ഡി. സി.-യുടെ പരിധിയിലും സംസ്ഥാന പൊതു മേഖലയിലും അത്തരം സ്ഥാപനങ്ങളില്ല.

അപ്പാരൽ പാർക്കുകൾ

14 [3419] ശ്രീ. കെ. അച്ചുതൻ:
" അടൂർ പ്രകാശ്:
" ഡി. സുഗതൻ:
" ടി. യു. രാധാകൃഷ്ണൻ:
" കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അപ്പാരൽ പാർക്കുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇവ എവിടെയെല്ലാം;

(സി) ഇവയിൽ ഏതിന്റെയെല്ലാം പണി പൂർത്തിയായി എന്ന് വ്യക്തമാക്കാമോ;

(ഡി) പണി പൂർത്തിയായവയിൽ എത്ര യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സൗകര്യങ്ങളുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) രണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ഒരു അപ്പാരൽ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഒരു അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്കിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) പണി പൂർത്തിയാക്കിയ കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്കിൽ മുപ്പത് യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള സൗകര്യങ്ങളുണ്ട്.

പ്രവർത്തനക്ഷമമായ വ്യവസായ പാർക്കുകൾ

15 [3420] ശ്രീ. ബിനോയ് വിശ്വം:
" എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തനക്ഷമമായ എത്ര വ്യവസായ പാർക്കുകൾ സംസ്ഥാനത്തുണ്ട്;

(ബി) കിൻഫ്രയുടെ കൈവശമുള്ളതിൽ അടിസ്ഥാന സൗകര്യമൊരുക്കിയ ഭൂമിയുടെ അളവെത്ര;

LIBRARY ARCHIVES Kerala Legislative Assembly